(എ) കെ.എസ്.ഇ.ബി.യിൽ സബ് എഞ്ചിനീയർ മുതൽ ചീഫ് എഞ്ചിനീയർ വരെയുള്ള എത്ര തസ്തികകളുണ്ട് ;

(ബി) പ്രസ്തുത തസ്തികകളിൽ നിലവിലുള്ള ഉദ്യോഗസ്ഥരുടെ സമുദായം തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ ?

ഉത്തരം

(എ)

സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)	–	2522
സബ് എഞ്ചിനീയർ (സിവിൽ)	–	686
അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)	–	2230
അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ)	–	428
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)	–	622
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ)	–	190
എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)	–	198
എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ)	–	56
ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)	–	62
ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (സിവിൽ)	–	18
ചീഫ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)	–	15
ചീഫ് എഞ്ചിനീയർ (സിവിൽ)	–	3
		7030

(ബി) സമുദായം തിരിച്ചുള്ള ലിസ്റ്റ് ഉടനെ ലഭ്യമല്ല.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വൈദ്യുതി ലൈൻ ദീർഘിപ്പിക്കുന്നതിന് ബോർഡിന് നൽകുന്ന തുക.

116(1019) ശ്രീ. പാലോട് രവി :
ശ്രീ. എ. കെ. മണി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) ജനകീയാസൂത്രണ പദ്ധതി പ്രകാരം വൈദ്യുതി ലൈൻ ദീർഘിപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സംസ്ഥാന വൈദ്യുതി ബോർഡിലേയ്ക്ക് എത്ര തുക അടച്ചിട്ടുണ്ട് ;

(ബി) ഈ പദ്ധതി അനുസരിച്ച് ദീർഘിപ്പിച്ച വൈദ്യുതി ലൈനുകളുടെ എണ്ണം എത്രയാണ് ;

(സി) എത്ര തുകയ്ക്കുള്ള ജോലികൾ ഇതേവരെ പൂർത്തിയാക്കിയിട്ടുണ്ട് ;

(ഡി) ഇനി പൂർത്തിയാക്കാൻ ജോലികൾ അവശേഷിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) 1997-98-ൽ 36,56,44,106 രൂപയും 1998-99-ൽ ഡിസംബർ വരെ 25,83,37,632 രൂപയും അടച്ചിട്ടുണ്ട്.

(ബി) 3467 എണ്ണം.

(സി) 1997-98-ൽ പണമടച്ചവയിൽ 31,44,31,171 രൂപയുടെയും 1998-99-ൽ പണമടച്ച ജോലികളിൽ 5,75,10,186 രൂപയുടെയും പണികൾ പൂർത്തിയാക്കിയിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) 1997-98-ലെ 325 ജോലികളും, 1998-99 ഡിസംബർ വരെ 2593 ജോലികളും അവശേഷിക്കുന്നുണ്ട്.

ചൈനീസ് മാതൃകയിലുള്ള വൈദ്യുതി ഉല്പാദന കേന്ദ്രങ്ങൾ

117(1020) ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ചൈനീസ് മാതൃകയിലുള്ള എത്ര ചെറുകിട വൈദ്യുതി ഉൽപ്പാദന കേന്ദ്രങ്ങളാണ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിദശമാക്കാമോ ;

(ബി) ഇവയിൽ എത്ര എണ്ണത്തിൽ നിന്ന് ഈ വർഷം വൈദ്യുതി ഉൽപ്പാദനം ആരംഭിക്കുവാൻ സാധിക്കുമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ചൈനീസ് സഹകരണത്തോടെ 18 ചെറുകിട ജലവൈദ്യുത പദ്ധതികളാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്.

(ബി) മേൽപ്പറഞ്ഞ പദ്ധതികളിൽ നിന്നും ഈ വർഷം വൈദ്യുതി ഉൽപ്പാദനം ആരംഭിക്കാൻ കഴിയുകയില്ല. ഇവയിൽ ഈ വർഷം പണി ആരംഭിക്കുന്ന 4 പൈലറ്റ് പദ്ധതികളിൽ നിന്നും 2001-ൽ വൈദ്യുതി ഉൽപ്പാദനം ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly